## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2386** **23-01-2014 ലെ മറുപടിയ്ക്ക്**

### ലോട്ടറി ബുക്കുകളുടെ കവറിൽ ബ്രെയിലി മുദ്രകൾ രേഖപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ :<br>ശ്രീ.പാലോട് രവി :<br>ശ്രീ.എം.പി.വിൻസെന്റ് :<br>ശ്രീ.എ.റ്റി.ജോർജ് : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) കാഴ്ചയില്ലാത്ത ലോട്ടറി വിൽപ്പനക്കാരായ ഏജന്റുമാർ കബളിപ്പിക്കപ്പെടാതിരിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;<br>ബി) ഇതിനായി ലോട്ടറി ബുക്കുകളുടെ കവറിൽ ബ്രെയിലി മുദ്രകൾ രേഖപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ;<br>സി) ഏതെല്ലാം ടിക്കറ്റുകൾക്കാണ് പ്രസ്തുത സൗകര്യം ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; ആയതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ? | എ), ബി) & സി) | കാഴ്ചയില്ലാത്ത ലോട്ടറി വില്പനക്കാരായ ഏജന്റുമാർ കബളിപ്പിക്കപ്പെടാതിരിക്കുന്നതിനായി 50/- രൂപ മുഖവിലയുള്ള കാരുണ്യ, 40/- രൂപ വിലയുള്ള പ്രതീക്ഷ, ധനശ്രീ എന്നീ ഭാഗ്യക്കുറികൾ വില്പന നടത്താനായി ഭാഗ്യക്കുറിയുടെ പേര്, നറുക്കെടുപ്പ് ദിവസം, ടിക്കറ്റ് വില എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി ബ്രെയിലി ലിപിയിൽ അച്ചടിച്ച റാപ്പറുകൾ ടിക്കറ്റിനോടൊപ്പം സ്റ്റാപ്പിൾ ചെയ്ത് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽനിന്ന് വിതരണം ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ